## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3047 11.12.2014 -ലെ മറുപടിയ്ക്ക്

### സർവ്വകലാശാലകളിലെ പഠനനിലവാരം

*ചോദ്യം*

ശ്രീ. കെ. എൻ. എ. ഖാദർ

*ഉത്തരം*

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളിലെ പഠനനിലവാരം ഉയർത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) | ഉന്നത വിദ്യാഭ്യാസ രംഗത്തെ അദ്ധ്യയന നിലവാരം ഉയർത്തുന്നതിന് സർക്കാർ നിരവധി പദ്ധതികൾ നടപ്പാക്കി വരുന്നു. സ്കോളർ സപ്പോർട്ട് പ്രോഗ്രാം, വാക്ക് വിത്ത് എ സ്കോളർ, ഫ്ലെയർ തുടങ്ങിയവ കൂടാതെ യൂണിവേഴ്സിറ്റികളിലെയും കോളേജുകളിലെയും അദ്ധ്യാപകർക്ക് 3 മാസത്തെ നിർബന്ധ ട്രയിനിംഗ് നൽകുന്നതിനുള്ള ഫാക്കൽറ്റി ട്രയിനിംഗ് അക്കാഡമി, യൂണിവേഴ്സിറ്റികളടക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് നൽകുന്നതിനുള്ള കേരള സ്റ്റേറ്റ് അസസ്മെന്റ് & അക്രഡിറ്റേഷൻ കൗൺസിൽ എന്നിവ സ്ഥാപിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അദ്ധ്യാപകരുടെ ഗവേഷണ നിലവാരം ഉയർത്തുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സർവ്വകലാശാല അദ്ധ്യാപകരെയും മറ്റ് വിദ്യാഭ്യാസ വിദഗ്ദരെയും ഉൾപ്പെടുത്തി സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | സർവ്വകലാശാല വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (ബി) | വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വം വളർത്തുന്നതിനായി വിദ്യാർത്ഥി സംരംഭകത്വ പദ്ധതി തൊഴിൽ നൈപുണ്യ പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | രാജ്യാന്തര തലത്തിലുള്ള സർവ്വകലാശാലകളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന വിധത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന വിധത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകൾക്കായി പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; | (സി) & (ഡി) | രാജ്യാന്തര സർവ്വകലാ സഹകരണത്തിനായി ഉന്നത വിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ കൗൺസിലും സംയുക്തമായി ഇന്റർ നാഷണൽ റിലേഷൻസ് ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. |
| (ഡി) | ഇല്ലായെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ; | | |
| (ഇ) | സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് യു.ജി.സി, ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് അടിയന്തര നപടികൾ സ്വീകരിക്കുമോ ? | (ഇ) | സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് ഇപ്പോൾ തന്നെ യു.ജി.സി, ഫണ്ട് ലഭിച്ചുവരുന്നു. ഇനി മുതൽ റൂസ പദ്ധതിയിലൂടെയും ധനസഹായം ലഭിക്കും. 12-ാം പദ്ധതി കാലയളവിലേക്കുള്ള സംസ്ഥാന സർക്കാരിന്റെ റൂസ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ